# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2280 — 20.06.2012 ൽ മറുപടിക്ക്

**ആരോഗ്യ വകുപ്പിലെ ആകെ തസ്തികകളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിലെ ഓരോ ആശുപത്രിയിലെയും മെഡിക്കൽ ഓഫീസർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും ആകെ തസ്തികകളുടെ എണ്ണം, നിലവിലുള്ളവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നീ കണക്കുകൾ ലഭ്യമാക്കുമോ ; | (എ) വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ കണ്ണൂർ ജില്ലയിൽ നിന്നും എത്ര മെഡിക്കൽ ഓഫീസർമാർക്ക് ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (ബി) കണ്ണൂർ ജില്ലയിൽ നിന്ന് 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ 25 ഡോക്ടർമാർക്ക് ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. |
| (സി) 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ കണ്ണൂർ ജില്ലയിലെ എത്ര മെഡിക്കൽ ഓഫീസർമാർ ഗവൺമെന്റ് അനുവാദത്തോടെയും അനുവാദമില്ലാതെയും ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (സി) 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ കണ്ണൂർ ജില്ലയിൽ നിന്ന് 12 മെഡിക്കൽ ഓഫീസർമാർ സർക്കാർ അനുവാദത്തോടെ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. 4 ഡോക്ടർമാർ അനുവാദമില്ലാതെ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ഡി) 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ കണ്ണൂർ ജില്ലയിൽ എത്ര മെഡിക്കൽ ഓഫീസർമാരെ ഗ്രാമീണ സേവനത്തിനു നിയോഗിച്ചെന്നും ഏതെല്ലാം ആശുപത്രികളിലാണ് നിയോഗിച്ചതെന്നും എത്ര പേർ ഇപ്പോഴും ഗ്രാമീണ സേവനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ ? | (ഡി) 2011 ജൂൺ ഒന്നിനും 2012 മെയ് 31 നും ഇടയിൽ കണ്ണൂർ ജില്ലയിൽ എൻ.ആർ. എച്ച്.എം. മുഖേന 62 ഡോക്ടർമാരെ ഗ്രാമീണ സേവനത്തിനു വേണ്ടി നിയമിച്ചിരുന്നു. ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധം (II) ആയി ചേർക്കുന്നു. |

B.V. Menon

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വെച്ചിട്ടുണ്ട്